بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 02/09/2016

## (29 DHUL QADDA 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## "TRUE JIHAD" / "യഥാർത്ഥ ജിഹാദ് "

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം പറഞ്ഞു. എന്റെ മുൻ പ്രസംഗങ്ങളിൽ പറഞ്ഞ ജിഹാദ്, ഭീകരവാദം, ഇസ്ലാമോഫോബിയാ, ഇസ്ലാം എന്നീ വിഷയങ്ങളിലേക്ക് വരുന്നതിനുമുമ്പ്, താഴെപ്പറയുന്ന വാർത്തയെക്കുറിച്ച് ചില കാര്യങ്ങൾ പരാമർശിക്കുവാൻ ആഗ്രഹിക്കുന്നു. **മൗറീഷ്യസിൽ ദൃശ്യമായ ഭാഗികവും അഗാധവും അത്യപൂർവ്വവുമായ സൂര്യഗ്രഹണത്തെക്കുറിച്ച് :–** 2016 സെപ്റ്റംബർ 1 ന് നിങ്ങൾ ദർശിച്ച, അഗാധവും, ഭാഗികവും അത്യപൂർവ്വവുമായ സൂര്യഗ്രഹണം ഇവിടെ മൗറീഷ്യസിലും സമീപ ദ്വീപുകളിലും, റോഡ്ഗ്രിസ്, റീയൂണിയൻ, മെഡഗാസ്കർ, സെൻട്രൽ ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലും ദൃശ്യമാകുകയുമുണ്ടായി. ഈ ഗ്രഹണം ഭാഗീകമായി ഇൻഡ്യൻ മഹാസമുദ്രത്തിലും, അറ്റ്ലാന്റിക് മഹാസമുദ്രത്തിലും ദൃശ്യമാവുകയുണ്ടായി. ചന്ദ്രൻ അതിന്റെ ഭ്രമണപഥത്തിൽ നിന്നും ഭൂമിയിൽ നിന്നും ഏറ്റവും ദൂരത്തിലായിരിക്കുമ്പോഴാണ് ഈ അത്യപൂർവ്വ ഗ്രഹണം സംഭവിക്കുന്നത്. ഇത് ചന്ദ്രനെ ഏറ്റവും ചെറുതായി ദൃശീഭവിപ്പിക്കുന്നു, തന്മൂലം സൂര്യ ജ്വാലകൾ അഥവാ പ്രകാശ രശ്മികൾ വൃത്തത്തിന് പുറത്തേക്ക് കാണപ്പെടുന്നു. ഇന്നലത്തെ ഗ്രഹണം സൂര്യമണ്ഡലത്തിന്റെ ഏകദേശം 90 ശതമാനത്തേയും ഗ്രഹണം ബാധിക്കുകയുണ്ടായി. ചുരുക്കി പറഞ്ഞാൽ ഇവിടെ മൗറീഷ്യസിൽ ശ്രദ്ധേയമായ നിലയിൽ ഇരുട്ടായിരുന്നു. ഈ സുര്യഗ്രഹണത്തിന്റെ ഭാഗിക വികാസ ഘട്ടാരംഭം ഉച്ചകഴിഞ്ഞ് 27 മിനിറ്റോളം നിലനിന്നു. 14.13 ന് അത് പരമോന്നതി പ്രാപിച്ചു. പ്രസ്തുത സൂര്യഗ്രഹണ ഘട്ടത്തിന്റെ അന്ത്യം 15.44 ന് സംഭവിച്ചു. ഈ അത്യപൂർവ്വ പ്രതിഭാസത്തിന്റെ പരമാവധി സമയം 3 മിനിറ്റായിരുന്നു. റീയൂണിയൻ ദ്വീപിൽ (വാഗ്ദത്ത മസീഹ് (അ) ന്റെ അധ്യാപനങ്ങൾ പ്രബോധിക്കുവാൻ, ഞാൻ പോയ, മൗറീഷ്യസിനു പുറത്തുള്ള പ്രഥമ ദ്വീപ്) പ്രധാനമായും സെന്റ് ലൂയിസിലെ എറ്റംഗ് ഡുഗോൾ അതിന് ഗ്രഹണ ഗ്രാമം എന്ന സ്ഥാനപേര് നൽകിയിരിക്കുന്നു. അവിടെയുണ്ടായ സൂര്യഗ്രഹണം സമ്പൂർണ്ണമായിരുന്നു. മനോഹരമായ ഒരഗ്നിവളയം തന്നെ തീർത്തു. 14.9 മുതൽ 14.11 വരെ അതായത് 2 മിനിറ്റ് 44 സെക്കന്റിലെ ഒരത്യപൂർവ്വ പ്രതിഭാസമായിരുന്നു അത്.

1901 ന് ശേഷം ആദ്യമായിട്ടാണ് അതായത് 115 വർഷങ്ങൾക്ക് ശേഷം, മൗറീഷ്യസ് ജനതാ, മൗറീഷ്യസിൽ ഇത്രയും വലിപ്പത്തിൽ ഒരു ഗ്രഹണത്തിന് സാക്ഷ്യം വഹിക്കുന്നത്. ഇത് 21-ാം നൂറ്റാണ്ടിൽ മൗറീഷ്യസിൽ ദൃശ്യമായ ഏറ്റവും ഗംഭീരമായ കടുത്ത സൂര്യഗ്രഹണം തന്നെയായിരുന്നു. അടുത്ത ഗ്രഹണം ഇതേ വലിപ്പത്തിൽ ഉണ്ടാകുന്നത് 2200 ലായിരിക്കും. ഈ വിനീതനായ ദൈവദൂതന്റെ ആഗമനത്തോടെ, സൂര്യവർഷം 21-ാം നൂറ്റാണ്ടിലെ, ഹിജ്റ വർഷം 15-ാം നൂറ്റാണ്ടിലെ, മൗറീഷ്യസ് സാക്ഷ്യം വഹിച്ച, ഈ അളവിലുള്ള ഒരു ഗ്രഹണം ഇത്, ഈ നൂറ്റാണ്ടിലെ അതിശക്തമായ അടയാളങ്ങളിൽ ഒന്നാണ്. ഗ്രഹണം ഒരു പ്രകൃതി പ്രതിഭാസമാണ്, അത് സമയാസമയങ്ങളിൽ സംഭവിക്കുന്നു. എന്നാൽ അല്ലാഹു (ത) അത്തരം പ്രതിഭാസങ്ങളെ അന്ധകാരത്തെ അകറ്റി പ്രകാശം പരത്തുവാനായി ഉപയോഗിക്കുന്നു. ഗ്രഹണത്തിന് അന്ധകാരവും പ്രയാസങ്ങളും കൊണ്ടുവരുവാൻ കഴിയുമെങ്കിൽ അതിലൂടെ അല്ലാഹു (ത) തന്റെ ദാസന്മാരെ ഓർമ്മപ്പെടുത്തുകയാണ്; അല്ലാഹു (ത) എപ്പോൾ ഉദ്ദേശിക്കുന്നുവോ, അപ്പോൾ, ലോകത്തേയും അതിലെ ജനതയേയും സെക്കന്റിനുള്ളിൽ ഉന്മൂലനാശം ചെയ്യുവാൻ കഴിവുള്ളവനാണ് എന്ന് ! ഇത്തരം സംഭവങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നത്, നാം എപ്പോഴും നേർപാതയിലൂടെ സഞ്ചരിക്കണമെന്നും, അവന്റെ മാത്രം സഹായവും സംരക്ഷണവും നാം അന്വേഷിച്ചു കൊള്ളണമെന്നുമാണ്. ഈ അന്ധകാര നൂറ്റാണ്ടിൽ, അല്ലാഹു (ത) അവന്റെ ദൂതനെ നിയോഗിച്ചിരിക്കുന്നു. നിങ്ങളെ എല്ലാവരെയും നേർപാതയിലൂടെ നയിക്കുവാൻ. ജനങ്ങൾ സിറാജൻ മുനീറിനെ (പ്രകാശം പരത്തുന്ന വിളക്ക്) യും ഖമറൻ മുനീറ (പ്രകാശം പരത്തുന്ന ചന്ദ്രൻ) യെയും അംഗീകരിക്കേണ്ടതുണ്ട്. നിങ്ങളിലുള്ള എല്ലാ അന്ധകാരങ്ങളെയും നീക്കം ചെയ്യുവാനാണ് ഞാൻ വന്നിരിക്കുന്നത്. അല്ലാഹു (ത) നിങ്ങളെ അതിന് പ്രാപ്തമാക്കട്ടെ. നിങ്ങളുടെ ഹൃദയങ്ങളെ സമൃദ്ധമാക്കട്ടെ, അത്തരം ശ്രേഷ്ഠമായ പ്രകാശത്തെ സ്വീകരിക്കുവാൻ, അങ്ങനെ അല്ലാഹുവുമായി കൂടുതൽ കൂടുതൽ അടുക്കുവാൻ കഴിയട്ടെ. ഈ വിനീതന്റെ ഉപദേശങ്ങളിലൂടെയും നിർദേശങ്ങളിലൂടെയും ! ഇത്തരം നിർദ്ദേശങ്ങൾ നിങ്ങളുടെ ക്ഷേമത്തിനായി അല്ലാഹു (ത) ൽ നിന്നും വരുന്നതാണ് എന്ന് മനസ്സിലാക്കുക !

**ഈദുൽ അദ്ഹായും കന്നുകാലി രോഗവും 2016 :–** നിങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ ജൂലൈ മുതൽ 2016 ആഗസ്റ്റ് ആരംഭം വരെയും റോഡ്ഗ്രിസ് ദ്വീപ്, വലിയ അളവിൽ കന്നുകാലി രോഗത്തിന് സാക്ഷ്യം വഹിക്കുകയുണ്ടായി. ഇത് വളരെ വലിയ മാരകമായി പകരുന്ന രോഗ വിഷാണുവാകുന്നു. ഈ വൈറസ് റോഡ്ഗ്രിസ് കാലികളെ ആക്രമിക്കുകയും അവയെ മറ്റ് കാലികളിൽ നിന്ന് വേർതിരിക്കുകയും ഏകദേശം ആയിരത്തോളം കാലികളെ മൗറീഷ്യസിലും റോഡ്ഗ്രിസിലും കൊന്നൊടുക്കുകയും ചെയ്തു. നമ്മുടെ കാലി സമ്പത്തിന്റെ ഒരു ഭാഗം റോഡ്ഗ്രിസിൽ നിന്നുളളതാണ്. റോഡ്ഗ്രിസിൽ നിന്നുളള ഒരു കാർഗോ കന്നുകാലികൾ ഇപ്പോൾ തന്നെ മൗറീഷ്യസിൽ എത്തികഴിഞ്ഞിട്ടുണ്ട് എന്ന് അന്വേഷണത്തിൽ അറിഞ്ഞു. എന്നാൽ അവയെ കപ്പലിൽ തന്നെ നിർത്തിയിരിക്കുകയാണ്, കരയിൽ ഇറക്കുവാനുളള അനുവാദം നൽകിയിട്ടില്ല. മൗറീഷ്യൻ കർഷകരെയും, പൊതുവിൽ മൗറീഷ്യൻ ജനതയെയും ബാധിച്ച ഈ മാനസിക അവസ്ഥയ്ക്ക് അതിലൂടെ പരിഹാരം കണ്ടിരിക്കുകയാണ്. ഈദുൽ അദ്ഹായ്ക്ക് ഇനി അൽപം ദിവസങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. മുസ്ലീങ്ങൾ ഖുർബാനിയെ പറ്റിയുളള അവരുടെ ആകുലത പങ്കിടുന്നു. അതിനിടയിൽ ചില മുസ്ലീങ്ങൾ ആഫ്രിക്കയിൽ നിന്നും കന്നുകാലികളെ ഇറക്കുമതി ചെയ്യുവാനുളള സംഭാഷണത്തിലാണ്; എന്നിരുന്നാലും മുസ്ലീങ്ങളുടെയും മൗറീഷ്യൻ പൊതുജനത്തിന്റെയും ഈ വൈറസ് ആക്രമണ ആധി വിട്ടകലുന്നില്ല. ഒരു മുൻകരുതൽ നടപടി എന്ന നിലയിൽ അനേകർ ഈ വർഷത്തെ ഖുർബാനിയിൽ നിന്ന് വിട്ടു നിൽക്കുന്നു. പൊതു മൗറീഷ്യൻ ജനത, അവർ, ബീഫ് ഉപയോഗം ഒഴിവാക്കി കൊണ്ടിരിക്കുന്നു. പകരം മാർക്കറ്റിൽ ചിക്കനും, മത്സ്യവും വലിയ ഡിമാന്റ് ആയിരിക്കുകയാണ്. ഈ കാലിരോഗത്തിന് എതിരായി ഒരു കുത്തി വയ്പ് പരിപാടി മൗറീഷ്യസിലെയും റോഡ്ഗ്രിസിലെയും അധികാരികൾ ആരംഭിച്ചിരിക്കുകയാണ്. ഈ പ്രതിരോധ കുത്തിവയ്പ്പ് എല്ലാ കാലികളിലും നടത്തുന്നതിനും കാര്യങ്ങൾ പൂർവ്വസ്ഥിതിയിൽ എത്തുന്നതിനും പരമാവധി 3 വർഷം വരെ സമയം വേണ്ടി വരും. മൗറീഷ്യസിലെയും, റോഡ്ഗ്രിസിലെയും, ലോകത്തിലെ മുഴുവൻ മുസ്ലീങ്ങൾക്കും ഇതൊരു ദൃഷ്ടാന്തമാണ്. അവർ ഇത് സംബന്ധമായി ചിന്തിക്കേണ്ടതാണ്. കഴിഞ്ഞ വർഷം ഹജ്ജിനുപോയ നമ്മുടെ മുസ്ലീം സഹോദരീ സഹോദരന്മാർക്ക് എന്തുപറ്റിയെന്നും, മൗറീഷ്യൻ മുസ്ലീങ്ങൾ ഉൾപ്പടെ അനേകം തീർത്ഥാടകർ അവിടെ മരണപ്പെടുകയും ഉണ്ടായി. ഈ വർഷം ഈദുൽ അദ്ഹായ്ക്ക് തൊട്ടുമുൻപ്, ഇത്തരം ഒരു പ്രശ്നത്തിലകപ്പെട്ടിരിക്കുന്നു. ഈ വരുന്ന ഹജ്ജിലും ഈദുൽ അദ്ഹാ ദിനത്തിലും എന്ത് സംഭവിക്കുമെന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുളളൂ. ലോകമെങ്ങുമുളള മുസ്ലീങ്ങളോട് ഞാനൊരു ഉപദേശം നൽകുകയാണ്. നിങ്ങൾ നല്ല നിലയിൽ സദഖ ചെയ്യുക. തീർത്ഥാടനത്തിന് പോയിരിക്കുന്ന നമ്മുടെ സഹോദരീ സഹോദരന്മാർക്കായി, അതിലൂടെ അല്ലാഹു (ത) എല്ലാ വിധ പ്രയാസങ്ങളിൽ നിന്നും അവരെ സംരക്ഷിച്ചേക്കാം. ഇൻശാ അല്ലാഹ് ! ഈ സംഭവിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ലോകമെങ്ങുമുളള മുസ്ലീങ്ങൾ ചിന്തിക്കുവാനായി അവരെ പ്രാപ്തമാക്കുന്നതിനായി ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. ഈ സംഭവവികാസങ്ങൾ ജനങ്ങൾക്ക് ദൃഷ്ടാന്തം തന്നെയാണ് !

**യഥാർത്ഥ ജിഹാദ്** :- മാധ്യമങ്ങളുടെ വിവിധ രൂപങ്ങളിലുളള സാങ്കേതിക പുരോഗതി മൂലം ഈ ആധുനിക കാലത്ത് ഈ പുതു നൂറ്റാണ്ടിൽ ലോകം വളരെ ചെറുതായിരിക്കുകയാണ്. ഒരു വാക്ക് സംശയത്താൽ മേഘാവൃതമായിരിക്കുകയാണ്. കിഴക്കിന്റെ ആദ്ധ്യാത്മ ദർശനത്തെ പടിഞ്ഞാറ് വക്രീകരിക്കപ്പെട്ടു. അങ്ങനെ അത് അന്താരാഷ്ട്ര ശ്രദ്ധ നേടിയിരിക്കുന്നു. ആ വാക്ക് **"ജിഹാദ്"** ആകുന്നു. അഥവാ പടിഞ്ഞാറൻ രാജ്യക്കാർ ഈ വാക്കിന് നൽകുന്ന അർത്ഥം **"വിശുദ്ധ യുദ്ധം "** എന്നാകുന്നു. ജിഹാദ് എന്ന അറബിക് വാക്കിന്റെ യഥാർത്ഥ റൂട്ട് **'ജഹ്ദ്'** എന്ന വാക്കിൽ നിന്നാണ്. അതിന്റെ അർത്ഥം സഹനശക്തി അഥവാ കർക്കശമായ അവസ്ഥകൾ. ജിഹാദിന്റെ സത്തയിൽ അടങ്ങിയിരിക്കുന്ന അർത്ഥം ഒരു ലക്ഷ്യം നേടുന്നതിന് വേണ്ടി ഒരുവൻ തന്റെ കഴിവിന്റെ പരമാവധി പരിശ്രമിക്കുക. അത് നേടുന്നതിൽ നിന്നും അവനെ ഒന്നും തന്നെ പിൻതിരിപ്പിക്കുവാൻ പാടില്ലായെന്ന് സാരം. ഇസ്ലാമിക നീതി ശാസ്ത്രത്തിൽ ഈ വാക്ക് ആദ്യമായി ഉപയോഗിച്ചത് താഴെക്കാണുന്ന ഖുർആൻ വചനത്തിലാണ്. **" യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുളളവനാകുന്നു. "**22:40. ഇസ്ലാമിക ആശയത്തിൽ ഇത് വ്യക്തമായും സൂചിപ്പിക്കുന്നത് സത്യം സ്ഥാപിക്കുന്നതിന് വേണ്ടിയുളള കഠിന യത്നത്തെയാണ്. ഇസ്ലാം ഒരിക്കലും ആക്രമണ യുദ്ധത്തിന് അനുവാദം നൽകിയിട്ടില്ല. ഒരാൾ തന്റെ അന്തസ്സിനെ സംരക്ഷിക്കുവാൻ, രാജ്യത്തെ രക്ഷിക്കുവാൻ, വിശ്വാസത്തെ സംരക്ഷിക്കുവാൻ, ഉന്നതമായ തന്റെ ധാർമ്മികതയെ സംരക്ഷിക്കുവാനുളള പോരാട്ടമാണിത്. ഇസ്ലാമിന്റെ കാഴ്ചപ്പാടിൽ മനുഷ്യൻ ദൈവത്തിന്റെ മഹനീയ സൃഷ്ടിയാണ്. തന്റെ സൃഷ്ടിപ്പിന്റെ കാരണം അവനാകുന്നു. സൃഷ്ടിപ്പിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും അവനിൽ നിക്ഷിപ്തമാണ്. ആയതിനാൽ മനുഷ്യനെ ഉന്നതമായ നിലയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന് മതം അവകാശപ്പെടുമ്പോൾ, അവന്റെ ജീവിതത്തെ വളരെ പ്രാധാന്യത്തോടെയും വിശുദ്ധിയോടെയും നോക്കികാണുന്നത് തികച്ചും പ്രകൃതിപരമാണ്. മറ്റേതൊന്നിനെക്കാളും വിശുദ്ധ ഖുർആന്റെ അഭിപ്രായ പ്രകാരം മനുഷ്യജീവിതം പരമപവിത്രവും അലംഘനീയമായ

തുമാണ്. താഴെപ്പറയുന്ന ഖുർആനിക വചനത്തിൽ പ്രത്യേകമായി പരമാർശിച്ചിട്ടുള്ള അപൂർവ്വം സന്ദർഭങ്ങളിൽ അല്ലാതെ മനുഷ്യജീവിതത്തെ മോശമായി കൈകാര്യം ചെയ്താൽ അത് ദൈവനിന്ദയായി കണക്കാക്കപ്പെടുന്നതാണ്. **“അല്ലാഹുവിനോടും അവന്റെ ദൂതനോടും യുദ്ധം ചെയ്യുകയും നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിനായി യത്നിക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ, അവരെ വധിക്കുകയോ ക്രൂശിക്കുകയോ, അല്ലെങ്കിൽ അവരുടെ കൈകാലുകൾ വ്യത്യസ്തഭാഗത്ത് നിന്ന് ഛേദിച്ചു കളയുകയോ, നാട്ടിൽ നിന്ന് പുറത്താക്കുകയോ ചെയ്യുകമാത്രമാണ്. (ഈ ശിക്ഷ അവർക്ക് ലഭിച്ചാൽ) അത് അവർക്ക് ഇഹലോകത്ത് അപമാനകരമായിരിക്കും; പരലോകത്തും അവർക്ക് കഠിന ശിക്ഷയുണ്ടാകും. ”** (5:34) **“ അല്ലാഹു (വധിക്കുന്നത്) വിരോധിച്ചിട്ടുള്ള ജീവനെ നിങ്ങൾ ന്യായമായ കാരണം കൂടാതെ വധിക്കരുത്. ആരെങ്കിലും മർദിതനായി വധിക്കപ്പെടുന്നതായാൽ നാം അവന്റെ അവകാശിക്ക് (പ്രതിക്രിയ നടത്താനുള്ള) അധികാരം നൽകിയിരിക്കുന്നു. എന്നാൽ അവൻ കൊലയിൽ (നിശ്ചിത) പരിധി അതിലംഘിക്കരുത്. കാരണം അവൻ (നിയമ) സഹായം ലഭിക്കുന്നവനാണ്.”** (17:34) അത് മാത്രമല്ല 22:40 ൽ (സൂറ അൽഹജ്ജ്) ഇസ്ലാമിലെ പണ്ഡിത സംയോജിത അഭിപ്രായ പ്രകാരം, മുസ്ലീങ്ങൾക്ക് സ്വയം പ്രതിരോധത്തിന് ആയുധമെടുക്കുവാനുള്ള അനുവാദം നൽകിയിട്ടുണ്ട്. ഏത് തരം മുസ്ലീങ്ങൾക്കാണ് പ്രതിരോധ യുദ്ധം നയിക്കുന്നതിനുള്ള അവകാശമുള്ളതെന്നുള്ള തത്വങ്ങളാണ് ഈ വചനത്തിൽ വ്യക്തമാക്കുന്നത്. ഒരു ചെറുസംഘം മുസ്ലീങ്ങൾ ആയുധമില്ലാതെ, മറ്റു ഭൗതിക സാഹചര്യമൊന്നുമില്ലാതെ, വർഷങ്ങളോളം മക്കയിൽ കൊടിയ പീഡനങ്ങൾക്ക് ഇരയാവുകയുണ്ടായി. സ്വയം പ്രതിരോധിക്കുവാൻ കഴിവില്ലാതെ അവർ കഴിഞ്ഞു. അതേ തുടർന്ന് അവർ മക്കയിൽ നിന്നും മദീനയിലേക്ക് പലായനം ചെയ്തു. നിർദ്ദയമായ ശത്രുതയാൽ, ശത്രുക്കൾ അവരെ പിൻതുടർന്ന് അവിടെയും അവരെ ബുദ്ധിമുട്ടിക്കുവാൻ തുടങ്ങി. ഈ വചനത്തിൽ നൽകിയിരിക്കുന്ന പ്രതിരോധ യുദ്ധത്തിനുള്ള ഒന്നാമത്തെ കാരണം അവർ അന്യായത്തിനും പീഡനത്തിനും വിധേയമാക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. അടുത്ത വചനത്തിൽ 2-ാമത്തെ കാരണം വ്യക്തമാക്കിയിരിക്കുന്നു. **“ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ടവരാണവർ. മനുഷ്യരിൽ ചിലർക്ക് മറ്റ് ചിലരിൽ നിന്നുള്ള അക്രമത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും, ക്രിസ്തീയ ദേവാലയങ്ങളും, ജൂത പള്ളികളും, മുസ്ലീം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു. ”** (22:41) രണ്ടാമത്തെ കാരണം മുസ്ലീങ്ങളുടെ വസ്തു വകകളിൽ നിന്നും, ഭൂമിയിൽ നിന്നും, വീടുകളിൽ നിന്നും അന്യായമായി, ന്യായമായ യാതൊരു കാരണവുമില്ലാതെ, അവർ പുറത്താക്കപ്പെട്ടിരിക്കുന്നു. ഏക ദൈവത്തെ വിശ്വസിച്ചു എന്ന കുറ്റം മാത്രമാണ് അവരുടെ മേൽ ചാർത്തിയിരിക്കുന്നത്. വർഷങ്ങളോളം അവർ മുസ്ലീങ്ങൾ മക്കയിൽ പീഡനങ്ങൾ ഏറ്റുവാങ്ങി. തുടർന്ന് അവരെ അവർ പുറത്താക്കി. അവർ മദീനയിൽ അഭയം തേടിയിട്ടും അവിടെയും സമാധാനത്തോടെ ജീവിക്കുവാൻ അനുവദിച്ചില്ല. മദീനയ്ക്ക് ചുറ്റുമുള്ള അറേബ്യൻ ഗോത്രങ്ങൾ എല്ലാവരും ഒരുമിച്ച് നിന്ന് ഇസ്ലാമിനെ ആക്രമിച്ച് സമ്പൂർണ്ണമായി ഇല്ലായ്മ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി, ജനങ്ങളെ ഇളക്കിവിട്ടു, ഒറ്റികൊടുത്തു. മദീന പോലും തേൻകൂട് പോലെയായിതീർന്നു. ജൂത മുന്നണിയും, ഏകോപിത അറബി ഗോത്രങ്ങളും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ കഠിന ശത്രുക്കളായി മാറി. തികച്ചും അനുകൂലമല്ലാത്ത ഈ സാഹചര്യത്തിലാണ്, മുസ്ലീങ്ങൾ, അവരെ സ്വയം രക്ഷിക്കുവാൻ, അവരുടെ വിശ്വാസം സംരക്ഷിക്കുവാൻ, പ്രവാചകൻ (സ) നെ സംരക്ഷിക്കുവാൻ, അവർ ആയുധമെടുക്കുവാൻ നിർബന്ധിതരായത്. എപ്പോഴെങ്കിലും യുദ്ധം ചെയ്യുവാൻ ന്യായമായ കാരണങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ, അത് പ്രവാചകൻ (സ) നും അദ്ദേഹത്തിന്റെ അനുചരന്മാർക്കുമാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ വിമർശകർ വിശ്വാസം അടിച്ചേൽപ്പിക്കുവാൻ വിശ്വസിക്കുവാൻ തയ്യാറാല്ലാത്ത ജനങ്ങളിൽ യുദ്ധം അടിച്ചേൽപ്പിക്കുന്നു എന്ന് പറയുമ്പോൾ, അത് ഇസ്ലാമിനെതിരിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത ഒരു കുറ്റം ചുമത്തൽ തന്നെയാണ് എന്ന് പറയേണ്ടിയിരിക്കുന്നു. മുസ്ലീങ്ങൾ ആയുധമെടുക്കേണ്ടി വന്നതിന്റെ കാരണങ്ങൾ നൽകിയ ശേഷം പ്രസ്തുത വചനം ഇസ്ലാമിലെ യുദ്ധത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും വ്യക്തമാക്കുന്നു. **“(22:41) ”**യുദ്ധ ലക്ഷ്യം ഒരിക്കലും മറ്റ് ജനങ്ങളുടെ ഭവനങ്ങളിൽ നിന്നും വസ്തു വകകളിൽ നിന്നും അവരെ ആട്ടിയോടിക്കുക എന്നതല്ലായിരുന്നു; അഥവാ ദേശീയ സ്വാതന്ത്ര്യത്തിൽ നിന്ന് അവരെ ആട്ടിയോടിക്കുവാനോ വിദേശാധിപത്യത്തിൻ കീഴിൽ തളച്ചിടുവാനോ ആയിരുന്നില്ല; അഥവാ പുതിയ കമ്പോളങ്ങൾ കണ്ടെത്തുവാനോ, പടിഞ്ഞാറൻ രാജ്യക്കാർ ചെയ്തതുപോലെ കോളനികൾ സ്ഥാപിക്കുവാനോ ആയിരുന്നില്ല. മറിച്ച് ഇസ്ലാം യുദ്ധം ചെയ്തത് സ്വയം പ്രതിരോധത്തിന് വേണ്ടിയും, അതിലൂടെ ഇസ്ലാമിനെ ഉന്മൂല നാശം വരുത്തുന്നതിൽ നിന്ന് രക്ഷിക്കുന്നതിന് വേണ്ടിയും, അതിലൂടെ ചിന്താ സ്വാതന്ത്ര്യവും മനസാക്ഷിയനുസരിച്ച് പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യവും സ്ഥാപിക്കുവാനും വേണ്ടിയായിരുന്നു. മറ്റു മതവിശ്വാസികളുടെ ആരാധനാലയങ്ങളും സംരക്ഷിക്കുന്നതിന് വേണ്ടിയുമായിരുന്നു. ക്രിസ്ത്യൻ പള്ളികൾ, ജൂതപള്ളികൾ, ക്ഷേത്രങ്ങൾ, സന്യാസി മഠങ്ങൾ തുടങ്ങിയവ.

അങ്ങനെ ഇസ്ലാമിലെ യുദ്ധങ്ങളുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം വിശ്വാസ സ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും സ്ഥാപിക്കുക എന്നതായിരുന്നു; ആയിരിക്കും. യാതൊരു പ്രകോപനവുമില്ലാതെയുള്ള ആക്രമണത്തെ പ്രതിരോധിക്കുകയും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെയും അന്തസ്സിനെയും സംരക്ഷിക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള പോരാട്ടം. പോരാട്ടത്തിന് ഇതിനെക്കാൾ നല്ല ഒരു കാരണം ഏതെങ്കിലും ഒരു മനുഷ്യന് പറയുവാൻ കഴിയുമോ ? ഇസ്ലാമിലെ ജിഹാദ് അടിസ്ഥാനപരമായി മൂന്ന് തരത്തിലുണ്ട്. ഒന്നാമത്തേത്, സ്വന്തം ഇച്ഛകൾക്കെതിരിലുള്ള ജിഹാദ്. ഇസ്ലാമിക ശൈലിയിൽ ജിഹാദ് അക്ബർ അഥവാ ഏറ്റവും വലിയ ജിഹാദ് എന്ന് പറയുന്നു. രണ്ടാമത്തേത്, സാത്താനെതിരിലുള്ള ജിഹാദ്, സാത്താന്റെ അധ്യാപനങ്ങൾക്കെതിരിലുള്ള ജിഹാദ്, സാത്താന്റെ പദ്ധതികൾക്കെതിരിലുള്ള ജിഹാദ് അതിന് ജിഹാദ് കബീർ അഥവാ വലിയ ജിഹാദ് എന്ന് പറയുന്നു. മൂന്നാമത്തേത് സ്വതന്ത്ര മനസാക്ഷിക്കെതിരിൽ നിൽക്കുന്ന ശത്രുവിനോടുള്ള പോരാട്ടം, അതിന്, ചെറിയ ജിഹാദ് എന്ന് പറയുന്നു.

ഞാൻ എന്റെ സമുദായത്തോട് - ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനോട് - എല്ലായ്പ്പോഴും ജിഹാദ് നടത്തുവാൻ ആവശ്യപ്പെടുകയാണ്. ഈ കാലഘട്ടത്തിലെ ജിഹാദ് ഇസ്ലാമിന്റെ വാക്ക് ഉയർത്തിപ്പിടിക്കുവാനുള്ള കഠിന പരിശ്രമമാണ്; ശത്രുവിന്റെ എതിർപ്പുകളെ ഖണ്ഡിക്കുക. ഇസ്ലാമിക വിശ്വാസത്തിന്റെ മഹത്വത്തെ പ്രബോധിക്കുക; ലോകത്തുടനീളം പ്രവാചകൻ (സ) യുടെ സത്യത പ്രഘോഷിക്കുക. ലോകത്തിന്റെ അവസ്ഥയ്ക്ക് അല്ലാഹു മാറ്റം വരുത്തുന്നതു വരെ ഈ രീതിയിലാണ് ജിഹാദ്. കഴിഞ്ഞ ആഴ്ച ഞാൻ എന്റെ പ്രസംഗത്തിൽ പറഞ്ഞതു പോലെ, ഇസ്ലാമിലെ സഹോദരി സഹോദരന്മാരുടെ മേൽ ഇസ്ലാമിലുള്ള അവരുടെ വിശ്വാസത്തിന്റെ പേരിൽ, അവരെ പീഡിപ്പിക്കുകയും, അവരുടെ മേൽ ബോംബ് വർഷിക്കുകയും ചെയ്യുന്നു. ഇസ്ലാമിനും മുസ്ലീങ്ങൾക്കും ഈ കാലഘട്ടം നിർണ്ണായകമാണ്. ഇസ്ലാമിനെ ഉന്മൂലനാശം വരുത്തുന്നതിനും മുസ്ലീങ്ങളെ അവരുടെ സ്വാത്വിക പ്രകൃതിക്ക് പകരം പടിഞ്ഞാറൻ സംസ്കാരം അണിയിക്കുവാനുമുള്ള ആഗോള നിഗൂഢ പദ്ധതികളാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. മതത്തിൽ നന്മയും നീതിയും പുനസ്ഥാപിക്കുന്നതിനുള്ള പ്രതിരോധ പോരാട്ടത്തിനൊപ്പം, മത പ്രചാരണത്തിന് ആയുധമണിയുന്ന ആശയത്തെ എല്ലാ അർത്ഥത്തിലും ഞാൻ നിരാകരിക്കുന്നു. ആയുധം കൊണ്ടുള്ള ജിഹാദ് എന്ന ആശയത്തെ ഞാൻ നിരസിക്കുന്നു; അങ്ങനെ ചെയ്യേണ്ടുന്ന സാഹചര്യം പരിപൂർണ്ണമായും ഉണ്ടാകുന്നതു വരെ ! ഒരു ദൈവദൂതന്റെ കാലഘട്ടത്തിൽ, ഇസ്ലാമിന്റെ പരിഷ്ക്കർത്താവിന്റെ സാന്നിദ്ധ്യത്തിൽ, തീർച്ചയായും അല്ലാഹുവിന്റെ അനുഗ്രഹീതമായ നിർദ്ദേശങ്ങൾ അനുസരിച്ച്, അത്തരം ദൂതൻ, അല്ലാഹുവിന്റെ ഖലീഫയാണ് അത് ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതും. ഹസ്രത് മിർസാഗുലാം അഹ്മദ് (അ) മോ, ഞാനോ (ഈ കാലഘട്ടത്തിന്റെ അല്ലാഹുവിന്റെ ഖലീഫ) യോ ആയുധം കൊണ്ടുള്ള ജിഹാദ്, റദ്ദ് ചെയ്തിട്ടില്ല.; ഞങ്ങൾക്കത് ചെയ്യുവാനും സാധ്യമല്ല; ഞങ്ങൾ മുസ്ലീങ്ങൾ എന്ന നിലയിൽ, ഖുർആന്റെ കൽപനകൾ അനുസരിക്കുവാൻ ബാധ്യസ്ഥരുമാണ്. എല്ലാ പരിധികളും അതിലംഘിക്കുമ്പോൾ, നമ്മുടെ വിശ്വാസ സംരക്ഷണത്തിനായി നാം പ്രതിരോധിക്കേണ്ടി വരും, നമ്മുടെ ജീവ സംരക്ഷണത്തിനായി നിലകൊള്ളേണ്ടി വരും, അങ്ങനെയാണ് ഇസ്ലാം എന്നെന്നും ജീവിച്ചിരിക്കുന്നത്, വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) വാഗ്ദാനം ചെയ്തതുപോലെ ! **ജിഹാദിനെ വ്യാഖ്യാനിച്ചുകൊണ്ട് ആരെങ്കിലും തീവ്രവാദവും ഭീകരവാദവും സൃഷ്ടിച്ചുകൊണ്ട് അവരുടെ ഭയാനകവും കാടത്തപരവുമായ അക്രമ പ്രവർത്തികൾ മതത്തിന്റെ പേരിൽ നടത്തുന്നത്, അത് തീർച്ചയായും വളരെ വലിയ തെറ്റാണ്, അത് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളിൽപ്പെട്ടതുമല്ലാ; ഖുർ ആനിൽ ഇല്ലാത്തതുമാണ്.**

**ജിഹാദ്, അതേ ! യഥാർത്ഥ ജിഹാദ്, നമ്മുടെ സ്വന്തം നഫ്സുകളോടാണ് നടത്തേണ്ടത്. ; നമ്മിലുള്ള തിന്മകളെ ഉച്ചാടനം ചെയ്യുവാൻ ! ഈ ജിഹാദിൽ നാം വിജയിച്ചാൽ, അല്ലാഹുവിന്റെ തൃപ്തി നമുക്ക് കൊയ്തെടുക്കുവാൻ സാധിക്കും. ഓർക്കുക ഈ ഏറ്റവും വലിയ ജിഹാദ് നാം നമ്മോട് തന്നെ ചെയ്യുന്നിടത്തോളം കാലം, എപ്പോഴൊക്കെയോ, എവിടെ വച്ചോ നാം ഭയപ്പെടുത്തപ്പെട്ടാലും, പീഡിപ്പിക്കപ്പെട്ടാലും അല്ലാഹു (ത) അവൻ നേരിട്ട് നമ്മുടെ സഹായത്തിനെത്തിച്ചേരുന്നതാണ്. ഈ സത്യവഴിയിൽ നാം വിജയശ്രീലാളിതരായി തീരുന്നതിനുള്ള വഴിയും മിഴിയും അവൻ നൽകുന്നതാണ്. സത്യവും സത്യവിശ്വാസവും അവൻ ജീവിപ്പിക്കുന്നതാണ്. അവന്റെ യഥാർത്ഥ അധ്യാപനങ്ങൾ ലോക ജനതയിൽ അവൻ നിലനിർത്തുന്നതുമാണ്. ഇൻശാ അല്ലാഹ് ! ആമീൻ !**

Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*